കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

2015-16
ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsrksad@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ് .എ-ടി.എസ് ആർ/പി3/1642/16

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

പിൻ- 680 020
ഫോൺ 0487 2331249

dotsr.ksad@kerala.gov.in.

തീയതി 26-09-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ് ആർ/പി3/1642/16

തിയ്യതി 26-09-2016

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു. 25- 4-15 തിയ്യതി മുതൽ 31-3-16 വരെയുള്ള രശീതി വരവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ

ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി. വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-09-2016 മുതൽ 9-09-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.പി. എസ്. സാബു (ഓഡിറ്റ് ഓഫീസർ, )<br>2. ശ്രീമതി. ഷാജിത.കെ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>3.ശ്രീമതി. രമാദേവി .കെ. ആർ.(ഓഡിറ്റർ)<br>4.ശ്രീമതി.രാജിഷ. ആർ (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. ജെ. ദേവസ്സി | 01-04-2015 മുതൽ 30.10.15 വരെ * |
| ഭരണ നിർവ്വഹണ കമ്മറ്റി സ.ഉ.(അച്ചടി) 324/2015/തസ്വഭവ /20-10-2015 പ്രകാരം) | ശ്രീ. പി.ജി. വസന്തകുമാർ | 31-10-15 മുതൽ 17-11-15 വരെ |
| | ശ്രീമതി. മീന മാത്യു, കൃഷി ഓഫീസർ | |
| | ശ്രീമതി. കാഞ്ചനമാല- ഐ.സി.ഡി. എസ്. സൂപ്പർവൈസർ. | |
| സെക്രട്ടറി | ശ്രീമതി. റെനി പോൾ (അസി.സെക്രട്ടറി ) (സെക്രട്ടറി ഇൻ ചാർജ്)<br>ശ്രീ. പി. ജി. വസന്തകുമാർ, സെക്രട്ടറി | 1.04.2015 മുതൽ 27-7-2015 വരെ<br>28-7-2015മുതൽ 31.3.2016 വരെ |
| | ശ്രീമതി. ബിന്ദു ബെന്നി, സെക്രട്ടറി | 18-11-15 മുതൽ 31-3-2016 വരെ. |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി. മീന ബോബി | 01.04.2015മുതൽ 31.3.2016വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ഷാലു. പി.പി | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | ഡോ.എം. ആർ. ബാലകൃഷ്ണൻ<br>ഡോ. ശ്രീരാജ്. വി. | 1.04.2015മുതൽ4.08.2015 വരെ<br>5-8-15മുതൽ 31-3-16 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാമചന്ദ്രൻ. കെ<br>ശ്രീമതി.സുഷമ | 1.04.2015മുതൽ<br>31.08.2015 വരെ<br>1-9-15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. കൃപ. വി. എസ് | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. മനോജ് മാത്യു. പി.<br>ഡോ. അനിജ അലക്സ് | 1.04.2015 മുതൽ17.01.2016 വരെ<br>18.1.2016 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.ബിജു മോഹൻ | 1.04.2015 മുതൽ<br>31.03.2016 വരെ |
| വി.ഇ.ഒ- | ശ്രീമതി. ഷൈജ.<br>ശ്രീമതി. ഷീജ. പി. ടി | 01.04.2015മുതൽ<br>26.09.2015വരെ<br>26.9.2015 മുതൽ 3. 3. 16വരെ |
| ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി. കാഞ്ചനമാല | 01.04.2015മുതൽ<br>31. 3. 16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | തനത് വരുമാനം സംബന്ധിച്ച്. | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തു നികുതി പരാമർശങ്ങൾ | 2-1 | |

| | | | |
|---|---|---|---|
| 13 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി | 2-2 | |
| 14 | വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 2-3 | |
| 15 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 2-4 | |
| 16 | മൊബൈൽ ടവറുകൾ- വസ്തു നികുതി അടവാക്കുന്നില്ല | 2-5 | |
| 17 | ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ- വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല | 2-6 | |
| 18 | തൊഴിൽനികുതി അപാകതകൾ | 2-7 | |
| 19 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-8 | |
| 20 | പന്നി ഫാം ആരോഗ്യവകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നില്ല | 2-9 | |
| 21 | ബിൽഡിങ്ങ് പെർമിറ്റ് അപാകതകൾ | 2-10 | |
| 22 | കൃഷി ഭൂമിയിൽ പെർമിറ്റ് നല്കിയത് സംബന്ധിച്ച് | 2-11 | |
| 23 | മൊബൈൽ ടവർ പെർമിറ്റ് ഫീ കുറവായി ഈടാക്കി | 2-12 | |
| 24 | തനതു ഫണ്ട് കളക്ഷൻ തുക ബാങ്കിൽ കുറവായി/ അധികമായി അടവാക്കി | 2-13 | |
| 25 | വാടക കുടിശ്ശിക തുക ഈടാക്കിയിട്ടില്ല | 2-14 | |
| | ഭാഗം 3 | | |
| 26 | ജല അതോറിട്ടിയുടെ നിയന്ത്രണത്തിലുള്ള പൊതുടാപ്പുകളുടെ പ്രവർത്തനം സംയുക്തപരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. | 3-1 | |
| 27 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്-തനതു ഫണ്ടിൽ നിന്നും അടവാക്കുന്നു | 3-2 | |
| 28 | തെരുവു വിളക്ക്-സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല | 3-3 | |
| 29 | ഗ്രാമപഞ്ചായത്ത് പെൻഷൻ വിതരണം-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 3-4 | |
| 30 | അർഹതയില്ലാത്ത ഗുണഭോക്താവിന് ഭവനപുനരുദ്ധാരണം അനുവദിച്ചു | 3-5 | |
| 31 | ഭവനപുനരുദ്ധാരണം-രേഖകൾ ഹാജരാക്കേണ്ടതാണ് | 3-6 | |
| 32 | ഭവനപുനരുദ്ധാരണം-ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. | 3-7 | |
| 33 | സമഗ്ര ആരോഗ്യം പദ്ധതി -ഹെൽത്ത് ഇൻസ്പെക്ടർക്ക് വാഹനവാടക അനുവദിച്ചത്-പ്രോജക്ടിൽ നിന്നുള്ള വ്യതിയാനം | 3-8 | |

| | | | |
|---|---|---|---|
| 34 | എസ് എൽ ബി പി പദ്ധതി - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-9 | |
| 35 | മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 3-10 | |
| 36 | സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകൾ-അപാകതകൾ | 3-11 | |
| 37 | ഡെപ്പോസിറ്റ് വർക്കുകൾ-അപാകതകൾ | 3-12 | |
| 38 | പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 3-13 | |
| 39 | ക്വട്ടേഷൻ,വർക്ക് ഓർഡർ എന്നിവയിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹിച്ചു | 3-14 | |
| 40 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-15 | |
| | ഭാഗം - 4 | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 46 | ഓഡിറ്റ് റിക്കവറി | 4-6 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27 -3 -2015 തിയ്യതിയിലെ 46/15 തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ പ്രതീക്ഷിത വരവ് 97448900 രൂപയും ആകെ പ്രതീക്ഷിത ചെലവ് 102101608 / -രൂപയും നീക്കിയിരിപ്പ് 13686737.3 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-16 | 6-8-16 |

വാർഷിക ധനകാര്യ പത്രിക യഥാസമയം സമർപ്പിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2015-16 സാമ്പത്തികവർഷത്തെ വാർഷിക കണക്കുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തിബാധ്യതാ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
2. നികുതി നികുതിയേതര വരവുകളുടെ ഡിമാൻറ് രജിസ്റ്ററുകളിലെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3. വസ്തുനികുതിയുടെ ഡിമാൻറ് രജിസ്റ്റർ, അരിയർ ഡിമാൻറ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല..
4. 2015-16ൽ ഇ. കെ. നായനാർ ഭവന പദ്ധതിയ്ക്കായി കൈപ്പറ്റിയ 51 ലക്ഷം രൂപയുടെ വായ്പാതുക അക്കൌണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ധനകാര്യ കമ്മീഷൻ അവാർഡ് തുക സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല .
6.വികസനഫണ്ട് (എസ് സി പി യുടെ) ACBC പത്രിക തയ്യാറാക്കിയിട്ടില്ല.

7.എൻ. ആർ.ഇ. ജി. എസ് വരവ് ചെലവ് തുകകൾ എ. എഫ്. എസുമായി പൊരുത്തപ്പെടുന്നില്ല. 434200 രൂപ വ്യത്യാസം)
8.ഇൻകം ആന്റ് എക്സ് പെൻഡിച്ചർ സ്റ്റേറ്റുമെന്റിലെ വർഷാവസാന മിച്ചം ബാലൻസ് , ഷീറ്റ് ബി 1 ഷെഡ്യൂളിലേക്ക് ക്യാരി ഓവർ ചെയ്ത തുകയും പൊരുത്തപ്പെടുന്നില്ല.
9.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
10.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റുമെന്റ് , ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട് .

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,94,66,969.3 |
| വരവ് | 31445346 |
| ആകെ | 50912315.3 |
| ചെലവ് | 43327609 |
| നീക്കിയിരിപ്പ് | 7584706.3 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 2453252 | 6188455 * | 8641707 | 8641707 | 0 |
| വികസന ഫണ്ട് (എസ്. സി. പി) | 1112599 | 2021745 | 3134344 | 3134344 | 0 |
| വികസന ഫണ്ട് (ടി. എസ്. സി. പി) | 0 | 40000 | 40000 | 40000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1939672 | 7526186 | 9465858 | 9465858 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 531256 | 956645 | 1675762 | 1675762 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2873784 | 5007247 | 7881031 | 7881031 | |
| പെർഫോർമൻസ് ഗ്രാന്റ് | 2302922 | 0 | 2302922 | 2302922 | 0 |
| ബി ഫണ്ട് | 0 | 18839240 | 18839240 | 18839240 | 0 |

* ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത എസ്. സി. പി. 581134 വേൾഡ് ബാങ്ക് 2302922
ടി. എഫ്. സി. 3304399 രൂപയും ചേർത്ത തുക

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 61247322 | 136 | 14890758 | 49 | 2 | 73% |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 253080 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 2043210 | 303 |
| വിധവാപെൻഷൻ | 7249280 | 823 |
| വാർദ്ധക്യകാലപെൻഷൻ | 6383850 | 1032 |
| വികലാംഗപെൻഷൻ | 1726880 | 206 |

## 1-8 തനത് വരുമാനം

തനത് വരുമാനം ഇനത്തിൽ മുൻ വർഷത്തേക്കാൾ 23 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-2015 | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7004522 | 4106445 | 2898077 | -41% |
| നികുതിയേതര വരവുകൾ | 1317609 | 798645 | (-)518964 | -39% |
| മറ്റുവരവുകൾ | 5333866 | 5646545 | 312679 | +6% |
| ആകെ | 13655997 | 10551635 | 3104362 | -23% |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6/09/2016 തിയ്യതിയിൽ 3.20 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 40,458 രൂപ നീക്കിയിരിപ്പിന്റെ കൃത്യത, ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-7-16 | 1.3.2016 -31.03.2016 | 26.06.16 |
| അക്കൗണ്ടന്റ് ജനറൽ | 4-4-05-10-11-05 | 2000-01 | 16-12-2005 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-പരാമർശങ്ങൾ

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിന് ന്യൂബിൽഡിംഗ് രജിസ്റ്ററും, വസ്തുനികുതി അടവാക്കിയവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്ററും പരിപാലിച്ചിട്ടുണ്ട്.

1) വസ്തു നികുതി-നിർണ്ണയിച്ച നികുതിയേക്കാൾ കുറവ് ഈടാക്കി

ശ്രീ. ഗോപാലൻ, കുഴിപ്പറമ്പിൽ എന്നവരുടെ കെട്ടിടത്തിന് XIII/481A എന്ന് കെട്ടിട നമ്പർ നൽകി 22/2/15ൽ താഴെ പറയും പ്രകാരം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| | നിർണ്ണയിച്ചത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 726 | 604 | 122 |

കുറവു തുക ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.23/9.9.16). കുറവ് തുക ഈടാക്കേണ്ടതും, ഡിമാന്റ് രജിസ്റ്ററിൽ ആയതിനനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

2)2014-15ലെ ന്യൂബിൽഡിംഗ് രജിസ്റ്റർ പ്രകാരം ദേവസി, കണ്ണനായ്ക്കൽ എന്നവരുടെ കെട്ടിടങ്ങൾക്ക് I/69A, I/69B എന്നീ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിക്കുകയും 2014-15ലേക്ക് അർദ്ധവർഷത്തേക്കുള്ള നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2015-16ൽ ആദ്യ അർദ്ധവർഷത്തേക്കുള്ള നികുതി അടവാക്കിയെങ്കിലും രണ്ടാം അർദ്ധവർഷത്തേക്കുള്ള നികുതി അടവാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറിനം.23/9.9.16) അപാകത പരിഹരിക്കേണ്ടതാണ്.

## 2-2 സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.4.15ലെ ജി.ഒ.(എം.എസ്)144/15ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 660 സ്ക്വയർ ഫീറ്റ്

(62 m2)വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16സാമ്പത്തികവർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി- ച.മീറ്ററിന് 5/-രൂപ പ്രകാരം | ലൈബ്രറി സെസ്- വസ്തു നികുതിയുടെ 5% | സേവന നികുതി- വസ്തു നികുതിയുടെ 18% |
|---|---|---|---|---|---|
| ശശിന്ദ്രൻ.എ.കെ. ആളൂക്കാരൻ | III/309A | 80.94M2 | 80.94X5 =404.7= 405 | 20 | 73 |
| രാമകൃഷ്ണൻ&കോമളവല്ലി അമ്പലപറമ്പിൽ | XIII/105B | 88.7M2 | 88.7X5=443 | 22 | 80 |
| തോമസ് S/O ജോസഫ്, മങ്ങാട്ട് | IV/83A | 65.93M2 | 65.93X5= 329.65 =330 | 16 | 59 |
| | | ആകെ | 1178 | 58 | 212 |

വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും, 2015-16 സാമ്പത്തിക വർഷത്തിൽ ഒഴിവാക്കി നൽകിയ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടനമ്പർ നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2015-16 ൽ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിടനം | വസ്തുനികുതി നിർണ്ണയിച്ച തീയതി | നിർണ്ണയിച്ചത് | | |
|---|---|---|---|---|---|
| | | | വസ്തുനികുതി | ലൈബ്രറി സെസ് | സേവന നികുതി (18%) |
| സിന്ധുബാബു, വടക്കിനിയേടത്ത് | XIV/293A | 19.12.15 | 369 | 19 | 67 |
| ജോണി,പി.പി. പാറേക്കാട്ടിൽ | XIII/363B | 25.4.15 | 297 | 15 | 54 |
| | | ആകെ | 666 | 34 | 121 |

മേൽ പ്രകാരം വസ്തുനികുതി ഇനത്തിൽ ഈടാക്കാതിരുന്ന തുക ഡിമാൻറ് രജിസ്റ്ററിൽ ചേർത്ത് ഈടാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 7/10/11 തിയതിയിലെ 166-ം നമ്പർ തീരുമാനപ്രകാരം 100 m2ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 40/-രൂപയും, 100m2 ന് മുകളിൽ തവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 60/-രൂപയും അടിസ്ഥാനവസ്തുനികുതി നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി 2015-16സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിടനം/ തറവിസ്തീർണ്ണം | ഉടമ | ഇനം | നിർണ്ണയിച്ചത് | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| XIV/59E<br>112.95 M2 | സി,കെ, സുകുമാരൻ &അജീഷ്, ചിലങ്കിലിയാവ് | വസ്തു നികുതി | 112.95X40/-+ വഴിസൗകര്യത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്-20%<br>ആകെ-5422 | 112.95X60=<br>6777<br>വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തി ലുള്ള വർദ്ധനവ്-20%=1355<br>ആകെ-8132<br>ഒന്നാം നിലയ്ക്ക് ഇളവ്-5%=406<br>ആകെ നികുതി-7726 | 7726-5422 =2304 |
| | | ലൈബ്രറി<br>സെസ് | 5422x5%=272 | 7726x5%=386 | 386-272=114 |
| | | സേവന നികുതി | 5422x18%=976 | 7726x18%= 1390 | 1390-976=414 |

കുറവായി നിർണ്ണയിച്ച വസ്തുനികുതി ഈടാക്കേണ്ടതും ഡിമാന്റിൽ ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

## 2-5 മൊബൈൽ ടവറുകൾ- വസ്തു നികുതി അടവാക്കുന്നില്ല

മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിൻറെ പരിധിയിലുള്ള 3 മൊബൈൽ ടവറുകൾ 2014-15 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി അടവാക്കുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | വിസ്തീർണ്ണം | വാർഡ്/കെട്ടിട നം | വർഷം | ഡിമാന്റ് ചെയ്ത വസ്തുനികുത് ,ലൈബ്രറി സെസ്സ് |
|---|---|---|---|---|---|
| 1 | വിയോംനെറ്റവർക്ക് ലിമിറ്റഡ് ,<br>ജെ &കോ ചേമ്പേഴ്സ്, മണിമല | 21 M2 | XI/324 | 2014-15<br>2015-16 | 10500+525=11025<br>10500+525=11025<br>(22050) |

| | | | | | |
|---|---|---|---|---|---|
| | റോഡ്,എടപ്പള്ളി, കൊച്ചിൻ | | | | |
| 2 | -do- | 16 m2 | XI/323 | 2014-15 2015-16 | 8000+480=8480 8000+480 =8480 =16960 |
| 3 | ഇൻഡസ് ടവേഴ്സ്, 8ഫ്ളോർ,വൽകത്ത് ടവേഴ്സ്,പാലാരിവട്ടം | 12M2 | V/440 | 2014-15 2015-16 | 6000+300=6300 6000+300=6300 =12600 |
| 4 | കെ.വി.രാമമൂർത്തി ,ജെ.സി.പി.എം.കോം | 12M2 | | 2014-15 2015-16 | 6000+300=6300 6000+300=6300 =12600 |
| ആകെ | | | | | 64210 |

മേൽപറഞ്ഞ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ- വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

മുളങ്കുന്നത്തുകാവ് പഞ്ചായത്തിന്റെ പരിധിയിലുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ ഗോഡൗൺ, ജില്ലാ ഓഫീസ്, കാൻറീൻ, സൊസൈറ്റി എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി നികുതി ഇനത്തിൽ താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾക്കു മാത്രമാണ് 2015-16 വരെയും വസ്തുനികുതി അടച്ചുവരുന്നത്.

| ക്രമ നം | പേര് വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയിച്ചത് (ലൈബ്രറി സെസ്സ്,സേവന നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | പ്രസിഡൻറ്, എഫ്.സി.ഐ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സോസൈറ്റി | ആക്കോടിക്കാവ്/65 | 18.62 m2(ചതുരശ്ര മീറ്ററിന് 40 രൂപ) | 80/- (ഇളവ്-വർദ്ധനവ് കഴിഞ്ഞ്) |
| 2 | -do- | ആക്കോടിക്കാവ്/64 | 48.51m2, -do- | 80/-, -do- |
| 3 | -do- | ആക്കോടിക്കാവ് 66A | 20m2, -d0- | 1083/-, -do- |
| 4 | -do- | ആക്കോടിക്കാവ്/66 | 18.62 m2, -do- | 1008/-, -do- |

ടി സ്ഥാപനത്തിൽ നിന്ന് 136 തൊഴിലാളികളും 47 പേർ ഓഫീസ്, കാൻറീൻ ജീവനക്കാരുമായി 2015-16 ൽ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിലെ കെട്ടിടങ്ങൾ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡണ്ടിന്റെ പേരിലുള്ളതാണോ എന്ന് പഞ്ചായത്ത് അധികാരികൾ പരിശോധിക്കേണ്ടതും അല്ലാത്ത കെട്ടിടങ്ങൾക്ക് ഈ സ്ഥാപനത്തിൽ പ്രാദേശിക പരിശോധന നടത്തി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതും ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-7 തൊഴിൽനികുതി അപാകതകൾ

1)കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) അനുസരിച്ച് ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്തവരുമാനത്തിന്റെ മേലേയാണ് നികുതി നിർണ്ണയം നടത്തേണ്ടത്. എന്നാൽ വീട്ടുവാടകബത്ത കൂടി ഉൾപ്പെടുത്തി തൊഴിൽനികുതി കണക്കാക്കിയതുമൂലം താഴെ സൂചിപ്പിക്കുന്നവരിൽ നിന്ന് അധികം തൊഴിൽനികുതി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | പേരു വിവരം | സ്ഥാപനം | HRA ഒഴികെയുള്ള മൊത്ത വരുമാനം | HRA ഉൾപ്പെടെയുള്ള മൊത്ത വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | അധികം |
|---|---|---|---|---|---|---|---|
| 1 | ശ്രീജിഷ. ശശിധരൻ | ഫാർമസിസ്റ്റ് | 124691 | 126191 | 1000 | 1250 | 250 |

2) ഉത്സവബത്ത, ലീവ് സറണ്ടർ, അടിസ്ഥാന ശമ്പളം, ഡി.എ, മറ്റു അലവൻസുകൾ എന്നിവ ഉൾപ്പെടുത്തി മൊത്തവരുമാനം രേഖപ്പെടുത്തിയ തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപ്രകാരമല്ലാതെ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്ക് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷൻ (I &II)

2. Railway, Mulankunnathkavu

3. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി അധികം ഈടാക്കിയതിനു ഉദാ:

| ക്രമ നം | പേര് | സ്ഥാപനം | അർദ്ധ വാർഷിക മൊത്ത വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് |
|---|---|---|---|---|---|
| 1 | വിൽസി.K.I, ലാബ് അസിസ്റ്റൻറ് | പൂമല HSS | 108549 | 1000 | 1250 |
| 2 | റോബിൻ.കെ.ജോസ് " | " " | 107955 | 1000 | 1250 |

4)പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്ഥാപനങ്ങൾക്കും 1996ലെ കേരള പഞ്ചായത്തീരാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം3 പ്രകാരം നിശ്ചയിക്കപ്പെട്ട അർദ്ധവാർഷിക നിരക്കിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.2/4.9.16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1.കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷൻ (ഒന്നാം അർദ്ധവർഷം)

2.ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ഒന്നാം അർദ്ധവർഷം )

3.ഹൈദ്രബാദ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (ഒന്നാം അർദ്ധവർഷം )

4.കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് (ഒന്നാം അർദ്ധവർഷം )

5) 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം13 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തലവൻ പഞ്ചായത്ത് പരിധിയിലുള്ള സ്വയംതൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി ഡിമാൻറ് ചെയ്യേണ്ടതും ഡിമാൻറ് ചെയ്യപ്പെട്ട തൊഴിൽ നികുതി ബന്ധപ്പെട്ട വ്യക്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടക്കേണ്ടതുമാണ്. 2015-16 സാമ്പത്തിക വർഷം താഴെ സൂചിപ്പിക്കുന്നവരിൽ നിന്ന് തൊഴിൽനികുതി ഡിമാൻറ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

കരാറുകാർ:-

ഉദാഹരണം

1അഖിൽ ശശി,രാമവർമപുരം

2. സുരേഷ് , ആർ.വി.പുരം

3. റിജു ജെയിംസ്, തൃശ്ശൂർ

4. നിതിൻ .വി.ആർ, തൃശ്ശൂർ
5. ബൈജു.പി.ഒ
6. എൻ.കെ.വിനോദൻ
7. മുസ്തഫ, കിള്ളിമംഗലം

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ്-അപാകതകൾ

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ്, നടത്താനുദേശിക്കുന്ന സ്ഥാപനം തുടങ്ങി പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും, അതിൽ അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് അനുവദിക്കാനും ശ്രദ്ധിക്കേണ്ടതാണ്.
മറ്റു അപാകതകൾ താഴെ കൊടുക്കുന്നു.
a) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എന്നാൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന യൂണിറ്റുകൾ 2015-16 ലേക്ക് ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ഇല്ല.

| ഡിമാൻറ് രജിസ്റ്റർ നം | പേരു വിവരം | സ്ഥാപനം |
|---|---|---|
| 97 | സന്തോഷ്.കെ.കെ | ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് |
| 187 | അനിത അച്ച്യുതാനന്ദൻ | ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് |
| 239 | ശ്രീധരൻ | സോളിഡ് ബ്രിക്സ് നിർമ്മാണം |

b) ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 15.03.2010 ലെ 78327/RC3/09/LSGD നമ്പർ സർക്കുലർ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ലഭ്യമായതിനു ശേഷം മാത്രമേ ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്വാറി, ക്രഷർ എന്നിവയ്ക്കായി ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിച്ചിട്ടില്ല.

| ഡിമാൻറ് രജിസ്റ്റർ നം | പേരു വിവരം | സ്ഥാപനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 204 | റോയ് പൗലോസ് | കരിങ്കൽ ക്വാറി | മൈനിങ്ങ് &ജിയോളജി വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |
| 243 | പൗലോസ് ബെന്നി | ക്വാറി | കരിങ്കൽ ക്വാറി ക്വറി നടത്താനുദേശിക്കുന്ന സ്ഥലത്തിന്റെസർട്ടിഫൈഡ് സർവേ സ്കെച്ച്,ലൊക്കേഷൻ മാപ്പ്,മൈനിങ്ങ് &ജിയോളജി വകുപ്പിന്റെ അനുമതി,പാറ പൊട്ടിക്കുന്ന ആളുടെ വൈദഗ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 31.12.15 ശേഷമുള്ള |

| | | | |
|---|---|---|---|
| | | | അനുമതിപത്രം |

3)താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ 1948 ലെ ഫാക്ടറീസ് ആക്ട് 1957 ലെ കേരള ഫാക്ടറീസ് റൂൾ അനുസരിച്ചുള്ള ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയിട്ടില്ല.

| ഡിമാൻറ് രജിസ്റ്റർ നം | പേരു വിവരം | സ്ഥാപനം |
|---|---|---|
| 28 | ജോസ് കുര്യൻ | ജെ.ആർ റബർ ഇൻഡസ്ട്രീസ്-റബർ മോൾഡ് നിർമ്മാണം |
| 44 | മൈത്രി പ്ലാസ്റ്റിക്ക്സ് | പ്ലാസ്റ്റിക്ക്സ് ഗ്രാന്യൂൾ നിർമ്മിക്കൽ ശക്തി ട്യൂബ്സ് പി.വി.സി.പൈപ്പ് നിർമ്മിച്ച് വിൽപന |
| 79 | സി.എൽ .ചാർലി | പ്ലാസ്റ്റിക്ക്സ് ബോട്ടിൽ,പോളി കണ്ടെയ്നർ നിർമ്മാണം |
| 84 | ഫ്രാൻസിസ് | റബർ ഇൻഡസ്ട്രീസ് |
| 111 | പി.ഐ.ഹുസൈൻ | പ്ലാസ്റ്റിക്ക്സ് ബോട്ടിൽ,പോളി കണ്ടെയ്നർ നിർമ്മാണം |
| 290 | അരുൺ ജോർജ്,എം.ജി കാവ് | റബർമോൾഡ് നിർമ്മാണം |

ഡി & ഒ ലൈസൻസ് നൽകുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 പന്നി ഫാം - ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാനിറ്റേഷൻ റിപ്പോർട്ട് നൽകുന്നില്ല.

പഞ്ചായത്ത് പരിധിയിലുള്ള ടി.എൻ. ശശിധരൻ എന്ന വ്യക്തി നടത്തുന്ന യദു ഫാമിങ്ങ് കോർപറേഷന് (കൊങ്ങൻപാറ) 2015-16 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. കാലങ്ങളായി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച് ആരോഗ്യ പ്രശ്നം ഉണ്ടാക്കുന്നുവെന്നും ഫാമിലെ മലിനജലം റോഡിലേക്ക് ഒഴുക്കി പകർച്ചവ്യാധി പടരുന്നുവെന്നും ഉള്ള പൊതുജനങ്ങളുടെ പരാതിയിൻമേൽ 15.12.15ൽ പ്രസിഡൻറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെ സൂചിപ്പിക്കുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.

1. മലിന ജലം പുറത്തേക്ക് ഒഴിക്കിവിടുന്നത് തടയുക
2. പക്ഷി മൃഗാദികൾ അവശിഷ്ടങ്ങൾ പുറത്തുകൊണ്ടുപോകാതിരിക്കാൻ നെറ്റ് സ്ഥാപിക്കണം.
3. കൊതുക ശല്യം ഇല്ലാതിരിക്കാൻ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കണം
4. വേസ്റ്റ് പൊതുവഴിയിൽ വീഴാതെ കൊണ്ടു പോകണം
5. മേൽപ്പറഞ്ഞ നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് മാസത്തിലൊരിക്കൽ ബന്ധപ്പെട്ട പൊതുജന ആരോഗ്യവകുപ്പ് അധികൃതർ പരിശോധിച്ച് റിപ്പേർട്ട് ലഭ്യമാക്കണം.

മേൽ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുന്ന മുറക്ക് മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും, ഈ വിവരം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. 23.12.15 ൽ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും സമയബന്ധിതമായി തുടർ പരിശോധന നടത്തുമെന്ന് മെഡി ഓഫീസർ രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിനുശേഷം തുടർ നടപടികൾ ഉണ്ടായിട്ടില്ല. നാന്നൂറോളം പന്നികളെ വളർത്തുന്ന ഈ സ്ഥാപനവുമായി ബന്ധപ്പെട്ട മാലിന്യ പ്രശ്നം, പൊതുജനങ്ങളുടെ പലപ്പോഴുള്ള പരാതികൾ എന്നിവ ഗുരുതരമായി കാണേണ്ടതും, യോഗ തീരുമാനങ്ങൾ കർശനമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മാസത്തിലൊരിക്കൽ യോഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച്

നല്കിയ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തീരുമാനങ്ങൾ പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 2-10 ബിൽഡിങ്ങ് പെർമിറ്റ് അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. ബിൽഡിംങ്ങ് പെർമിറ്റ് അപേക്ഷ നൽകിയതു മുതൽ പണി പൂർത്തികരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ ഭാഗികമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബിൽഡിങ്ങ് അപ്ലിക്കേഷൻ രജിസ്റ്ററിൽ വിസ്തീർണ്ണം, പെർമിറ്റ് നമ്പർ, പെർമിറ്റിന്റെ കാലാവധി, കംപ്ലീഷൻ വിവരങ്ങൾ, അസ്സസ്സ്മെൻറ് വിവരങ്ങൾ, പെർമിറ്റ് കാലതാമസം, നിലം കമ്മിറ്റിയിലേക്കു ശുപാർശ ചെയ്യപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടും ഇതുവരെയും അപാകങ്ങൾ പരിഹരിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കാനും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതുമാണ്.

## 2-11 കൃഷി ഭൂമിയിൽ ബിൽഡിംങ്ങ് പെർമിറ്റ് അനുവദിച്ചത്

കൃഷി ഭൂമിയിൽ താമസ ഗൃഹം പണിയുന്നതിന് പല അപേക്ഷകരും 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമം പാലിക്കുകയോ നിലം നികത്തു കമ്മറ്റിയുടെ അനുമതി വാങ്ങിയതായോ കാണുന്നില്ല. വില്ലേജാഫീസർ നൽകിയ പൊസഷൻ സർട്ടിഫിക്കറ്റിൽ നിലമായി രേഖപ്പെടുത്തിയ ഭൂമിയിൽ ബിൽഡിംങ്ങ് പെർമിറ്റ് അനുവദിച്ചു കാണുന്നു. 22.01.11 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് (RA) വകുപ്പിന്റെ 4545/RA1/2011 ഉത്തരവ് അനുസരിച്ച് കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, LSGD അസിസ്റ്റൻറ് എൻജിനിയർ, നഗരസഭ ടൗൺ പ്ളാനിംങ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ കൂടിയ ഒരു നിലം കമ്മിറ്റി രൂപീകരിച്ച് എല്ലാ മാസവും കൂടുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും സ്ഥലം സന്ദർശിച്ച് ഫോട്ടോ എടുത്ത് മഹസർ തയ്യാറാക്കി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി വീടില്ലാത്തവർക്ക് ബിൽഡിംങ് പെർമിറ്റ് അനുമതി നൽകിയാൽ മതിയെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. റവന്യൂ, കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഈ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. മുളങ്കുന്നത്ത്കാവ് ഗ്രാമ പഞ്ചായത്തിലെ നിലം നികത്ത് ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് 11.12.2015 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ താഴെ കൊടുത്തിരിക്കുന്ന 15 പേർക്ക് അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും കൃഷി ഓഫീസറുടെയും ഉത്തരവിൻ പ്രകാരമാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസർ ഈ കമ്മറ്റിയിൽ ഹാജരാകുകയോ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1. മേഴ്സി, sy no 648/4p
2. ശശീന്ദ്രൻ &അനിത, sy no 413/p
3. ജെൻസൺ തോമസ്, sy no 431/1
4. സിന്ധു, sy no 607/d
5. മനോജ് & അഞ്ജു, sy no 372/p
6. സുശീല, sy no 486/2
7. യോഹന്നാൻ എന്ന ജോണി, sy no 119/1p
8. വില്യംസ് & ആനി, sy no 364/1
9. പി.ആർ,സുധീഷ്, sy no 120/2
10. വാസന്തി , sy no 873/1
11. ഉണ്ണികൃഷ്ണൻ, sy no 93/4p
12. സഞ്ജു, sy no 93/1p
13. ജോസ് വടക്കൻ, sy no 613/1
14. മിനി അനൂപ്, sy no 404/1p
15. രമണി & അനൂപ്, sy no 729

മേൽ പറഞ്ഞവ കൂടാതെ വില്ലേജാഫീസർ 'നിലം' എന്ന് കൈവശവകാശ സർട്ടിഫിക്കറ്റ് നൽകിയതും KLU അനുമതിയില്ലാത്തതുമായ കാർഷിക ഭൂമിയിൽ നിലം നികത്തൽ കമ്മിറ്റി രൂപികരിക്കാതെയും ബിൽഡിംങ് പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

ഉദാ :

| ക്രമ നം | ബിൽഡിംഗ് പെർമ്മിറ്റ് ഡിമാന്റ് രജിസ്റ്റർ നം | പേര് വിവരം | കൈവകാശ വിവരം |
|---|---|---|---|
| 1 | 69 | അലക്സ് ജോസ്,ചെറുകരകുന്നേൽ 755/p,130.99m2 | നിലം |
| 2 | 81 | മോഹൻദാസ്,കളരിക്കൽ,744/3 | നിലം |
| 3 | - | ജാക്കബ്സൺ,മുലരികകൽ,158.70,462,463,464,465 | Wet land |
| 4 | - | ജൻസൺ ലോനപ്പൻ,740/2p,<br>164.07m2 | Wet land |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 18/09.09.16 നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 2-12 മൊബൈൽ ടവർ-പെർമ്മിറ്റ് ഫീ കുറവായി ഈടാക്കി

മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം പുതുതായി സ്ഥാപിച്ച ടെലി കമ്മ്യൂണിക്കേഷൻ ടവറിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം റൂൾ 130(4)-b അനുസരിച്ചുള്ള ബിൽഡിങ്ങ് പെർമ്മിറ്റ് ഫീ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | മൊബൈൽ ടവറിന്റെ വിവരം | ഈടാക്കിയത് | ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|
| 1(ഡിമാൻറ് രജിസ്റ്റർനം 91) | റിയലൻസ് ടെലിക്കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്,1040/p | അപേക്ഷ ഫീ-1000 പെർമ്മിറ്റ് ഫീ- 10000/- | അപേക്ഷ ഫീ-1000 പെർമ്മിറ്റ് ഫീ- 10000/- പോൾ സ്ട്രക്ചറിന്-2500 | 2500 |

മേൽ പറഞ്ഞവയിൽ കുറവായി ഈടാക്കിയ 2,500 രൂപ മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-13 തനതു ഫണ്ട് കളക്ഷൻ തുക ബാങ്കിൽ കുറവായി/അധികമായി അടവാക്കി

തനതുഫണ്ട് കളക്ഷൻ തുക ബാങ്കിലേക്ക് കുറവായി/അധികമായി അടവാക്കിയതിന്റെയും, ബാങ്കിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കാത്തതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു. ഓഡിറ്റ് എൻക്വയറി നം. 14/08.09.16 നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | തിയ്യതി | കളക്ഷൻ തുക | ബാങ്കിലേക്ക് അടച്ച വിവരം | കുറവ്/അധികം |
|---|---|---|---|---|
| 1 | 20/04/15 | 13293 | 12573 | (-)720 |
| 2 | 22/04/15 | 42855 | 8755 | (-)34100 |
| 3 | 20/02/16 | 38423 | 38703 | (+)280 |
| 4 | 09/03/16 | 10178 | അടച്ച വിവരം ലഭ്യമാക്കിയിട്ടില്ല | |
| 5 | 10/03/16 | 19415 | " " | |
| 6 | 11/03/16 | 110724 | " " | |
| 7 | 16/03/16 | 40507 | " " | |
| 8 | 17/03/16 | 150727 | " " | |
| 9 | 18/03/16 | 45957 | " " | |
| 10 | 21/03/16 | 118847 | 118093 | (-)754 |

| | | | | |
|---|---|---|---|---|
| 11 | 22/03/16 | 58738 | അടച്ച വിവരം ലഭ്യമാക്കിയിട്ടില്ല | |
| 12 | 30/03/16 | 139311 | 138819 | (-)492 |

മേൽപറഞ്ഞ ദിവസങ്ങളിലെ കളക്ഷൻ തുക ബാങ്കിലേക്ക് അടച്ചവിവരം രേഖാമൂലം അറിയിക്കേണ്ടതും ബാങ്കിലേക്ക് അടവാക്കിയതിലെ വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-14 മിനി വ്യവസായ എസ്റ്റേറ്റ് വാടക കുടിശ്ശിക-ഈടാക്കിയിട്ടില്ല

കോഴികുന്ന് മിനി വ്യവസായ എസ്റ്റേറ്റിലെ താഴെ സൂചിപ്പിക്കുന്ന മുറികളുടെ കുടിശ്ശിക വാടക പലിശസഹിതം അടച്ചതിന്റെ വിവരം ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 14, തിയ്യതി 08.09.2016. (റൂം നം. 146/J2 സെക്യൂരിറ്റി തുക അടച്ച വിവരം ഉൾപ്പെടെ) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| റൂം നം | കുടിശ്ശിക വാടക |
|---|---|
| 9/146/J3 | 4215 |
| 9/146/J8 | 4596 |
| 9/146/J9 | 5210 |
| 9/146J10 | |

ജോസ് പോൾ, പിലാശ്ശേരി - 40128 (ആദ്യ മാസത്തെ വാടക മാത്രം അടച്ചിട്ടുള്ളൂ).
മേൽ സൂചിപ്പിച്ച മുറികളുടെ കുടിശ്ശിക വാടക പലിശ സഹിതം ഈടാക്കിയ വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജല അതോറിട്ടിയുടെ നിയന്ത്രണത്തിലുള്ള പൊതുടാപ്പുകളുടെ പ്രവർത്തനം സംയുക്തപരിശോധനനടത്തി ഉറപ്പാക്കേണ്ടതാണ്.

മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളതും കേരളാ ജലഅതോറിട്ടിയുടെ നിയന്ത്രണത്തിലുള്ളതുമായ പൊതുടാപ്പുകളുടെ പ്രവർത്തനം ജല അതോറിട്ടിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 263 പൊതുടാപ്പുകൾ നിലവിലുണ്ട്. ഇവയുടെ വെള്ളക്കരം പ്രതിമാസം 115063/-രൂപ അടവാക്കുന്നുണ്ട് (പ്രതിവർഷം ഒരു ടാപ്പിന് 5250/- രൂപ എന്ന തോതിൽ). എല്ലാ പൊതുടാപ്പുകളിലും വെള്ളം ലഭ്യമാകുന്നുണ്ടെങ്കിൽ മാത്രമേ ഇത്രയും തുക അടവവാക്കേണ്ടതുള്ളൂ. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തേണ്ടതും ജലത്തിന്റെ ലഭ്യതയനുസരിച്ച് വെള്ളക്കരം അടവാക്കേണ്ടതുമാണ്. ജലത്തിന്റെ ഉപയോഗം കൃത്യമായി അറിയുന്നതിന് എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉപയോഗിക്കുന്ന ജലത്തിനുമാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-2 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്-തനതു ഫണ്ടിൽ നിന്നും അടവാക്കുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഏകദേശം ഇരുപത്തഞ്ചോളം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് പ്രതിമാസബിൽ ലഭിക്കുന്ന മുറയ്ക്ക് തനതു ഫണ്ടിൽ നിന്നും അടവാക്കി വരുന്നു.

ജി.ഒ(എം.എസ്)362/13 ത.സ്വ.ഭ.വ dt 16.11.13 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക7.12.1 പ്രകാരം കുടിവെള്ള പ്രൊജക്ടുകൾ

മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രൊജക്ടിന്റെ തുടർ നടത്തിപ്പും, അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കൾ ഏറ്റെടുക്കുന്നില്ലായെങ്കിൽ ഗ്രാമപഞ്ചായത്തിന് ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 തെരുവു വിളക്ക്-സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ബിൽ പ്രകാരം പ്രതിമാസം 219068/-രൂപ തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ് അടവാക്കി വരുന്നു. കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരം 40Wന്റെ 364 എണ്ണം സാധാരണ ബൾബുകൾക്ക് ചാർജ് അടവാക്കുന്നുണ്ട്. തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള തെരുവുവിളക്കുകൾക്ക് മാത്രമാണോ വൈദ്യുതി ചാർജ് അടവാക്കുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിൽ സാധാരണ ബൾബുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധനാ വിധേയമാക്കി പ്രവർത്തിക്കുന്നില്ലായെങ്കിൽ ആയതിന്റെ ചാർജ് വൈദ്യുതി ബില്ലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ ഇനം, തരം, പോസ്റ്റ്, നമ്പർ എന്നിവ കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-4 ഗ്രാമപഞ്ചായത്ത് പെൻഷൻ വിതരണം-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേനയാണ് ക്ഷേമപെൻഷനുകൾ വിതരണം നടത്തിയിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് പെൻഷൻ അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. വിവിധ കാരണങ്ങളാൽ പെൻഷൻ തുകകൾ തിരികെ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.3/7.9.16)

തിരികെ വന്ന തുകകൾ വാർഷികകണക്കിൽ അക്കൗണ്ട് ചെയ്തതിന്റെയും തുക തിരികെ അടവാക്കിയതിന്റെയും രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-5 അർഹതയില്ലാത്ത ഗുണഭോക്താവിന് ഭവനപുനരുദ്ധാരണം അനുവദിച്ചു

നിർവ്വഹണം-വി.ഇ.ഒ

അനുവദിച്ച തുക-15000/-(ഡിഡി.നം.758449/24.12.15-7500/-, 759039/28.1.16-7500/-)

ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ തിയതി .16.11.13,അനുബന്ധം 16, ഖണ്ഡിക 2.14 പ്രകാരം സർക്കാർ, അർദ്ധ സർക്കാർ എന്നിവയിൽ സേവനത്തിലുള്ള ആരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ 50000/-രൂപയിൽ കുറവു വരുമാനമുള്ളവരായി പരിഗണിക്കാൻ സാധിക്കുകയില്ല. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

ശ്രീമതി. ലക്ഷ്മിക്കുട്ടി കുഞ്ഞുമോൻ, അയ്യപ്പൻപറമ്പിൽ എന്നവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡ് നം.1841164594 ൽ (ഉടമ-രാജൻ.എ.എസ്, അയ്യപ്പൻപറമ്പിൽ) ശ്രീ.ചന്ദ്രൻ, ശ്രീമതി, മഞ്ജുഷ എന്നിവർ ഗവൺമെന്റ് ജീവനക്കാരാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടുംബത്തിന്റെ പ്രതിമാസവരുമാനം 8000/-രൂപയും ആണ്. ആയതിനാൽ തന്നെ ഈ ഗുണഭോക്താവ് ഉൾപ്പെടുന്ന കുടുംബത്തിന് ധനസഹായത്തിന് അർഹതയില്ല.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭവനപുനരുദ്ധാരണത്തിന് അനുവദിച്ച ധനസഹായം 15000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ഭവനപുനരുദ്ധാരണം-രേഖകൾ ഹാജരാക്കേണ്ടതാണ്

നിർവ്വഹണം-വി.ഇ.ഒ

2015-16 സാമ്പത്തിക വർഷം ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ച ശ്രീ.രാമൻ പൊറ്റേക്കാട്ടുവളപ്പിൽ എന്നവർ ഹാജരാക്കിയ റേഷൻകാർഡ് നമ്പറിലെ (നം.1841036200) മറ്റൊരു അംഗം ഭാര്യയായ സരോജിനി മാത്രമാണ്.

2010-11ലെ കാഷ്ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം ശ്രീമതി സരോജിനി പൊറ്റേക്കാട്ടുവളപ്പിൽ എന്നവർക്ക് ഭവനപുനരുദ്ധാരണത്തിനായി 10000/-രൂപ അനുവദിച്ചിട്ടുണ്ട്.(ഡിഡി നം.727295/6.12.10-5000/-,ഡിഡി നം 598346/12.1.11 -5000/-)

സരോജിനി, പൊറ്റേക്കാട്ടുവളപ്പിൽ എന്നവരും, രാമൻ പൊറ്റേക്കാട്ടുവളപ്പിൽ എന്നവരും വ്യത്യസ്ത കുടുംബത്തിൽ ഉൾപ്പെട്ടവരാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2010-11ൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച് 6 വർഷം പൂർത്തിയാകുന്നതിനു മുമ്പേ 2015-16ൽ രാമൻ, പൊറ്റേക്കാട്ടുവളപ്പിൽ എന്നവർക്ക് അനുവദിച്ച 15000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഡിഡി.നം.758447/24.12.15-7500/-

759044/28.1.16-7500/-)രേഖകൾ ഹാജരാക്കുന്നതു വരെ 15000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഭവനപുനരുദ്ധാരണം-ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

നിർവ്വഹണം-വി.ഇ.ഒ

പ്രൊജക്ട്.നം.7/16

ഭവനപുനരുദ്ധാരണം പ്രൊജക്ടിൽ ഗുണഭോക്താക്കൾ ഹാജരാക്കിയ റഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡു 7500/- രൂപയും, പണി പൂർത്തീകരിച്ചതിനു ശേഷം ഓവർസിയറുടെ വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു 7500/-രൂപയും ഉൾപ്പെടെ ആകെ 15000/-രൂപ ധനസഹായം അനുവദിക്കുന്നു.

ഗുണഭോക്താക്കൾ തീയതി രേഖപ്പെടുത്താതെ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഓവർസീയർ തീയതി രേഖപ്പെടുത്താതെ വാല്വേഷൻ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുമുണ്ട്. ധനസഹായം പൂർണ്ണമായി കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നു പറയാതെ തുക മാത്രം രേഖപ്പെടുത്തിയാണ് വാല്വേഷൻ റിപ്പോർട്ട് ഓവർസീയർ നൽകിയിരിക്കുന്നത്. ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശം കൂടി റിപ്പോർട്ടിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്.

റഫ് എസ്റ്റിമേറ്റ് ഹാജരാക്കാതെ തന്നെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആദ്യഗഡു നൽകിയിട്ടുണ്ട്. എന്നാൽ ഇവർ പണി പൂർത്തീകരിച്ച് അവസാനഗഡു നാളിതുവരെ കൈപ്പറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഡിഡി നം. | തുക |
|---|---|---|
| ഭാഗ്യലക്ഷ്മി, കൈലാത്ത് | 758432/24.12.15 | 7500 |
| ശ്യാമള പരമേശ്വരൻ, കിഴക്കുട്ടയിൽ | 758445/24.12.15 | 7500 |
| ജോസഫീന, അറയ്ക്കൽ | 759085/28.1.16 | 7500 |
| വർഗ്ഗീസ്.കെ.എം,കാഞ്ഞിരപ്പറമ്പിൽ | 759084/28.1.16 | 7500 |
| | ആകെ | 30000 |

ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-8 സമഗ്ര ആരോഗ്യം പദ്ധതി -ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് വാഹനവാടക അനുവദിച്ചത്-പ്രോജക്ടിൽ നിന്നുള്ള വ്യതിയാനം

പ്രോജക്ട് നമ്പർ -എസ് ഒ 010/16-സമഗ്ര ആരോഗ്യം

അടങ്കൽ- 50000 (വികസന ഫണ്ട് , സാധാരണ വിഹിതം)

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ , പി. എച്ച്. സി.
ചെലവ്- 1-ട്രഷറി ബിൽ നമ്പർ – 35/23.3.16, 12750/-
2. ട്രഷറി ബിൽ നമ്പർ – 32/16.2.16, 15000/-
3-ട്രഷറി ബിൽ നമ്പർ – 21/27.7.15, 22250/-

2015-16ൽ നടപ്പിലാക്കിയ എസ്.ഒ 010/16 സമഗ്ര ആരോഗ്യം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ജനങ്ങളെ ബോധവൽകരിക്കുകയും ഫോഗിങ്ങ്, സ്പ്രേയിങ്ങ്, കൊതുക് ഉറവിട നശീകരണം നടത്തുവാനും ലക്ഷ്യമിട്ടിരുന്നു. പകർച്ച വ്യാധി നിയന്ത്രണത്തിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങൽ, തയ്യാറാക്കൽ, ലഭ്യമാക്കൽ എന്നതാണ് സൂക്ഷ്മമേഖല കോഡ് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. കൊതുനശീകരണത്തിനുള്ള വിവിധ പ്രവൃത്തികൾക്കും ഹെൽത്ത് ഇൻസ്പെക്ടർമാർ വിവിധ പ്രദേശങ്ങളിലെ ഹോട്ടലുകൾ, കൂൾ ബാറുകൾ സാനിറ്റേഷൻ, ഡി ആന്റ് ഒ പരിശോധന പരിശോധിക്കുന്നതിനായി നടത്തിയ യാത്രകളുടെ വാഹന വാടകയിനത്തിലുമായി തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഹെൽത്ത് ഇൻസ്പെക്ടർമാർ വിവിധ പ്രദേശങ്ങളിലെ ഹോട്ടലുകൾ കൂൾബാറുകൾ എന്നിവയുടെ സാനിറ്റേഷൻ, ഡി ആന്റ് ഒ പരിശോധന നടത്തിയ യാത്രകളുടെ വാഹന/ വാടകയിനത്തിലുമായി തുക ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി നടത്തിയ യാത്രകളുടെ വാഹന വാടകയിനത്തിൽ 6,750 രൂപ നല്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1-ട്രഷറി ബിൽ നമ്പർ – 35/23.3.16, 12750 രൂപയിൽ ഉൾപ്പെട്ടത്
1വൗച്ചർ നമ്പർ -4/17-2- 16-1200 രൂപ
2.വൗച്ചർ നമ്പർ -5/4-3- 16-1300 രൂപ
3.വൗച്ചർ നമ്പർ -6/10-3- 16-1100 രൂപ
4.വൗച്ചർ നമ്പർ -7/21-3- 16-750 രൂപ
ട്രഷറി ബിൽ നമ്പർ – 32/16.2.16, 15000/- ൽ ഉൾപ്പെട്ടത്
1.വൗച്ചർ നമ്പർ -1/23-9- 15-800 രൂപ
2.വൗച്ചർ നമ്പർ -2/24-8- 15-800 രൂപ
3.വൗച്ചർ നമ്പർ -3/7-7- 15-800 രൂപ
ആകെ - 6750 രൂപ

ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലയിലുൾപ്പെട്ട കാര്യങ്ങൾ നിർവഹിക്കുന്നതിനാണ് വാഹന വാടകയിനത്തിൽ തുക നല്കിയിരിക്കുന്നത്. ഇപ്രകാരം തുക ചെലവഴിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവുതുക 6,750/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 എസ് എൽ ബി പി പദ്ധതി - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോജക്റ്റ് – എസ് ഒ. 015/16- കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ- 1250000 (ഗ്രാമപഞ്ചായത്ത് വിഹിതം -312500,-വികസന ഫണ്ട് ജനറൽ
സംസ്ഥാനാവിഷ്കൃത ഫണ്ട്- 312500
മറ്റുള്ളവ – 625000)
ചെലവ്- ട്രഷറി ബിൽ നമ്പർ- 1/15-16/ 27-7-16ഡി ഡി നമ്പർ- 11293/28-7-15 , 312500 രൂപ
വെറ്ററിനറി സർജൻ 2015-16ൽ നടപ്പാക്കിയ-എസ്.ഒ. 015/16- കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ ഡെപ്യൂട്ടി ഡയരക്ടർക്ക് (എസ്.എൽ.ബി.പി.തൃശ്ശൂർ ജില്ല) കൈമാറിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിലെ നിലവിലെ സ്ഥിതി, തുകയുടെ വിനിയോഗം എന്നിവയുടെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-10 മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

പ്രോജക്റ്റ് – എസ് ഒ 014/16, so 194/16- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ
അടങ്കൽ (യഥാക്രമം) 75000 (വികസന ഫണ്ട്),
18000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്
1. ഡി.ഡി. നമ്പർ. 113857/12-11-15 75,000 രൂപ

2. ഡി.ഡി. നമ്പർ 759942/16-3-16 18,000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ- ഹോമിയോ മെഡിക്കൽ ഓഫീസർ

2015-16 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ രണ്ടു പദ്ധതികളിലൂടെ മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് നല്കിയ തുകയ്ക്കുള്ള മരുന്ന് ഇതുവരെയായി ലഭിച്ചിട്ടില്ല. നല്കിയ തുകയ്ക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-11 സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകൾ-അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളിലെ ചെലവുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ/ തിയതി | തുക | പ്രൊജക്ടിന്റെ നമ്പർ/പേര് | കുറിപ്പുകൾ |
|---|---|---|---|
| 40/28.3.16 | 11315 | എസ്. 0132/16 വിവിധവാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | സൂപ്പർവിഷൻ ചാർജ്ജിനത്തിൽ 10305 രൂപ വൈദ്യുതി ബോർഡിൽ അടവാക്കിയതിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചതിന് വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കേണ്ട ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഹാജരാക്കിയില്ല. |
| 8/27.10.15 | 47360 | എസ്. 0124/16 തെരുവ് വിളക്കുകളുടെ എ.എം.സി. | തെരുവ് വിളക്കുകളുടെ എ.എം.സി. ചാർജ്ജിനത്തിൽ കരാറുകാരനായ ശ്രീ.പി.കെ. ഇബ്രാഹിം ന് തുക നല്കിയതിന്റെ കൈപ്പറ്റ് രശീതി, ശ്രീ.പി.കെ. ഇബ്രാഹിമുമായി ഏർപ്പെട്ട കരാർ എന്നിവ ലഭ്യമാക്കിയില്ല. |
| 9/27.11.15<br>32/21.3.16 | 229400<br>56640 | എസ്.0124/16 തെരുവ് വിളക്കുകളുടെ എ.എം.സി. | തെരുവ് വിളക്കുകളുടെ എ.എം.സി. ചാർജ്ജിനത്തിൽ ശ്രീ.പി.കെ. ഇബ്രാഹിമിന് തുക നല്കിയതിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 11/ 23.12.15 | 552500 | എസ്.028/16 ഐ.എ.വൈ അധികവിഹിതം(ജനറൽ) | ഐ.എ.വൈ അധികവിഹിതം (ജനറൽ) ഇനത്തിൽ പുഴക്കൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് തുക നല്കിയതിന്റെ കൈപ്പറ്റ് രശീതി, തുകയുടെ |

| | | | |
|---|---|---|---|
| | | | വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 13/ 23.12.15 | 325000 | എസ്.029/16 ഐ.എ.വൈ അധികവിഹിതം(പട്ടികജാതി) | ഐ.എ.വൈ അധികവിഹിതം (പട്ടികജാതി) ഇനത്തിൽ പുഴക്കൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് തുക നല്കിയതിന്റെ കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 43/28.3.16 | 20000 | എസ്. 027/16 കമ്പ്യൂട്ടർവത്ക്കരണം | IKM ന് പ്രവർത്തനഫണ്ട് നല്കിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല. |
| 1/29.6.15 | 29265 (ബിൽ തുക 73435) | എസ്. 027/16 പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിങ്ങ് ചെലവുകൾ | ഈ ചെലവിൽ 29265 രൂപ അപേക്ഷ ഫോറം, നോട്ടീസ്,പദ്ധതി രേഖ തുടങ്ങിയവയുടെ പ്രിന്റിങ്ങ്ചെലവിനത്തിൽ കോഓപ്പറേറ്റീവ് പ്രിന്റേഴ്സ് , ഗ്രാമല എന്ന സ്ഥാപനത്തിന് നല്കിയതാണ്. പ്രിന്റിങ്ങിനായികവട്ടേഷൻ വിളിക്കുകയോ സ്ഥാപനവുമായി കരാറിലേർപ്പെട്ടുകയോ ചെയ്തിട്ടില്ല. |
| ആകെ | 1271480 | | |

അപാകതകൾ പരിഹരിക്കുന്നതുവരെ 1271480 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഡെപ്പോസിറ്റ് വർക്കുകൾ-അപാകതകൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രൊജക്റ്റിന്റെ നമ്പർ/പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | അപാകതകൾ |
|---|---|---|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ | | | | |
| കേരള വാട്ടർ അതോറിറ്റി | എസ്.0185/16, പറമ്പായി അംഗൻവാടിക്ക് പൈപ്പ് ലൈൻ കണക്ഷൻ | ട്രഷറി ബിൽ നമ്പർ 22/ 12.2.16 | 22000 | കേരള വാട്ടർ അതോറിറ്റിയുടെ കൈപ്പറ്റ് രശീതി ഇല്ല. അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തിയായതുമായി ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരണ<br>സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | എസ്.<br>0184/16,<br>ചോറ്റപാറ അംഗൻവാടിക്ക് പൈപ്പ് ലൈൻ കണക്ഷൻ | ട്രഷറി ബിൽ നമ്പർ 21/<br>12.2.16 | 22000 | " |
| കേരള വാട്ടർ അതോറിറ്റി | എസ്.<br>0139/16,<br>പൂമല ഉദയനഗർ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | ട്രഷറി ബിൽ നമ്പർ 11/<br>31.7.15 | 215000 | കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തിയായതുമായി ബന്ധപ്പെട്ട പൂർത്തീകരണ<br>സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.<br>എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല. |
| നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി | | | | |
| സംസ്ഥാന വൈദ്യുതി ബോർഡ് | എസ്.030/16,<br>വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | ട്രഷറി ബിൽ നമ്പർ 11/<br>31.7.15<br>ട്രഷറി ബിൽ നമ്പർ 7/<br>21.10.15<br>ട്രഷറി ബിൽ നമ്പർ 37/<br>28.3.16<br>ട്രഷറി ബിൽ നമ്പർ 41/<br>28.3.16 | 197781<br>18421<br>9000<br>37691 | സംസ്ഥാനവൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായതുമായി ബന്ധപ്പെട്ട പൂർത്തീകരണ<br>സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവലഭ്യമായിട്ടില്ല. മുളങ്കുന്നത്തുകാവ് ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയ 9000 രൂപയുടെ കൈപ്പറ്റ് രശീതി ഇല്ല. |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | | | 538393 | |

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നതുവരെ ₹ 538393 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ജി.ഒ.(പി)259/2010/തസ്വഭവ/തിയ്യതി 8.11.2010 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങൾ സംഭരിക്കുന്നതിനും സേവനങ്ങൾ സ്വീകരിക്കുന്നതിനുമുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ ഭരണസ്ഥാപനം നടത്തുന്ന ഏതൊരു വാങ്ങലിനും തദ്ദേശ ഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും രൂപീകരിച്ച പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരവും ശുപാർശയും ഉണ്ടായിരിക്കണം. എന്നാൽ തൻവർഷം പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിരുന്നില്ല. ആയതിനാൽ ഈ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് പർച്ചേയ്സുകൾ നടത്തിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക₹ |
|---|---|---|
| 128/16 | വിവിധ വാർഡുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ട്രഷറി ബിൽ നമ്പർ 38/28.3.16; ₹ 700000 |
| 132/16 | വിവിധ വാർഡുകളിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ | ട്രഷറി ബിൽ നമ്പർ 4/30.9.15;₹ 187200,<br>ട്രഷറി ബിൽ നമ്പർ 40/28.3.16; ₹11355 |
| 32/16 | ഇലക്ട്രിക്കൽ മെറ്റീരിയൽസ് വാങ്ങൽ | ട്രഷറി ബിൽ നമ്പർ 15/11.2.16; ₹199996 |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പർച്ചേയ്സ് കമ്മിറ്റി രൂപീകരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ക്വട്ടേഷൻ,വർക്ക് ഓർഡർ എന്നിവയിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.0128/16ാം നമ്പർ പ്രൊജക്ടനുസരിച്ച് 4 സ്ഥലങ്ങളിൽ സോളാർ എൽ.ഇ.ഡി മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചിരുന്നു. ഒരു വിളക്കിന് ₹ 175000 നിരക്കിൽ 4 വിളക്ക് സ്ഥാപിക്കുന്നതിനായി ട്രഷറി ബിൽ നമ്പർ 38/28.3.16 പ്രകാരം ₹ 700000 അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. പഞ്ചായത്ത് നല്കിയ ടെണ്ടർ പരസ്യപ്രകാരം 6 മീറ്റർ Octagonal pole ആണ് ആവശ്യപ്പെട്ടിരുന്നത്. പഞ്ചായത്തിന്റെ വർക്ക് ഓർഡറിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡിന്റെ ക്വട്ടേഷനിലും ഇൻവോയ്സിലും GI Octagonal pole എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിളക്ക് സ്ഥാപിച്ച രണ്ട് സ്ഥലങ്ങളിൽ 8.9.16 നു ഓഡിറ്റ് സംഘം നടത്തിയ സ്ഥലപരിശോധനയിൽ താരതമ്യേന ഗുണനിലവാരം കുറഞ്ഞതും വിലക്കുറവുമുള്ള സർക്കുലർ പോൾ സ്ഥാപിച്ചിരിക്കുന്നതായാണ് കാണുവാൻ കഴിഞ്ഞത്. ഈ വിഷയം എത്രയും വേഗം അമ്മിണി സോളാർ പ്രൈവറ്റ്

ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ അറിയിക്കേണ്ടതും പഞ്ചായത്തിന് ഗുണനിലവാരത്തിലും സാമ്പത്തികമായും ഇക്കാര്യത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. അതനുസരിച്ച് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തെ പ്രൊജക്റ്റ് നിർവ്വഹണത്തിൽ നടന്നിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 21500762 | 197781 | ഇല്ല | 197781 |
| കെ. എസ്. ഇ. ബി. | ഗതാഗതത്തിന് തടസ്സം നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 21501162 | 16500 | ഇല്ല | 16500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ/ വായ്പാ തിരിച്ചടവ്

2015-16 വർഷത്തിൽ 51 ലക്ഷം വായ്പയിനത്തിൽ വരവുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി യിനത്തിൽ 1251 രൂപ വരവുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഒടുക്കിയ തുക | രശീതി നമ്പർ, തിയ്യതി |
|---|---|---|---|---|
| 2013-14 (പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്) | 14 | സെക്രട്ടറി | 1 | 11502100678/ 18.6.15 |
| 2007-08 (കേരള സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ട്) | 2-2 | വി.പി.വിജയൻ, സെക്രട്ടറി | 1250 | 11502101849/ 13.11.15 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31445346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 43327609 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7395 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1831623 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1390 | - | ശ്രീ.പി.ജി.വസന്തകുമാർ ,സെക്രട്ടറി |
| 2-3 | 787 | - | ശ്രീമതി. റെനി പോൾ, അസി.സെക്രട്ടറി-(351/-)<br>ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി-(436/-) |
| 2-4 | 2718 | | ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി |
| 2-12 | 2500 | | ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി |
| 3-5 | - | 15000 | ശ്രീമതി.ഷീജ.പി.ടി .വി. ഇ. ഒ. |
| ആകെ | 7,395 | 15,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 15000 | ശ്രീമതി.ഷീജ.പി.ടി., വി. ഇ. ഒ. |
| 3-8 | 6750 | ഡോ.ശ്രീരാജ്. വി.,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-11 | 1271480 | ശ്രീമതി.റെനിപോൾ, അസി.സെക്രട്ടറി- 29265/-<br>ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി- 1242215/- |

| | | |
|---|---|---|
| 3-12 | 538393 | ശ്രീമതി.ഷാല്യ,പി.പി., അസി.എഞ്ചിനീയർ- 259000/-<br>ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി- 279393/- |
| ആകെ | 1831623 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ലൈബ്രറി സെസ്സ് ഇനത്തിൽ 206/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നഷ്ടമുണ്ടായിട്ടുണ്ട്.
(58+34+114)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | പി. ജി. വസന്തകുമാർ, സെക്രട്ടറി | സെക്രട്ടറി, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | പൊട്ടംതടത്തിൽ ഹൗസ്, ചെറുവഞ്ചേരി , പെരിഞ്ചേരി പി.ഒ. ഉറയൂർ |
| 2 | ശ്രീമതി. റെനി പോൾ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | എടക്കളത്തൂർ. ഹൗസ്, കുറ്റൂർ. പി.ഒ. തൃശ്ശൂർ. |
| 3 | ഷീജ പി. ടി , വി. ഇ. ഒ. | വി. ഇ. ഒ. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | എൽ എസ് ക്യൂ -1, കേരള പോലീസ് അക്കാദമി, രാമവർമപുരം തൃശ്ശൂർ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1980മുതൽ1986 വരെ | എൽ എഫ് ടി 9-306/96/6.3.96 | |
| 86-87,87-88 | എൽ എഫ് ടി 9-950/91/13.9.97 | |
| 88-89,89-90 | എൽ എഫ് ടി 9-832/92/12.3.93 | |
| 90-91,91-92, | എൽ എഫ് ടി 9-617/94/31.5.95 | |
| 92-93,93-94 | എൽ എഫ് ടി 9-106/95/17.2.96 | |

| | | |
|---|---|---|
| 94-95,95-96 | എൽ എഫ് ടി 9-1352/97/17.11.97 | |
| 96-97 | എൽ എഫ് ടി 9-1911/97/3.4.98 | |
| 97-98 | എൽ എഫ് ടി 9-1277/98/29.6.98 | |
| 98-99 | എൽ എഫ് ടി 9-748/2000/10.10.2000 | |
| 99-2000ചെലവ്) | എൽ എഫ് ടി 21-951/01/3.7.02 | |
| 99-00(വരവ്) | എൽ എഫ് ടി 18-1242/2001/7.8.02 | |
| 2000-0101-02 (പ്ലാൻ) | എൽ എഫ് ടി 18-1205/2003/12.5.03 | |
| 2000-01 | എൽ എഫ് ടി 18-136/04/17.10.04/11.3.05 | |
| 2001-02 | എൽ എഫ് ടി 18-1054/04/15.4.05 | |
| 2002-03 | എൽ എഫ് ടി 18-349/05/21.12.057.2.06 | |
| 2003-04 | എൽ എഫ് ടി 12-887/06/4.1.0712.7.07 | |
| 2004-05 | എൽ എഫ് ടി 12-2358/08/23.6.10 | |
| 2005-06 | എൽ എഫ് ടി 12-2359/09/23.6.10 | |
| 2006-07 | എൽ എഫ് ടി 12-2360/08/23.6.10 | |
| 2007-08 | എൽ എഫ് ടി 12-947/10/19.2.11 | |
| 2008-09 | എൽ എഫ് ടി 12-948/10/19.2.11 | |
| 2009-10 | എൽ എഫ് ടി (പി6)1606/11/25.1.12/ 18.5.12 | |
| 2010-11 | എൽ എഫ് ടി (പി3)2256/12/8.3.13/12.6.13 | |
| 2011-12 | എൽ എഫ് ടി (പി3)1555/13/4.3.14 | |

| | | |
|---|---|---|
| 2012-13 | എൽ എഫ് ടി (പി3)998/14/9.1.15 | |
| 2013-14 | എൽ എഫ് ടി (പി3)569/15/7.9.15/15.10.15 | |
| 2014-15 | കെ എസ് എ ടി എസ് ആർ പി3 /873/16, 1-6-16 | |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി3 /1642 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20

ഫോൺ- 0487 2331249

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 29.07.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# 2

## AUDIT CERTIFICATE

AUDIT CERTIFICATE

No.KSA.TSR(P3)1642/16

Kerala State Audit

Department

District Audit Office, Thrissur-20

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 29.07.2016

Certified that I have audited the Annual Financial Statement of Mulankunnathkavu Grama Panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mulankunnathkavu Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.